## II. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കൽ

മി.സ്പീക്കർ: സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ആശാപ്രവർത്തകരുടെ ആനുകൂല്യം വർധിപ്പിക്കുന്നത് സംബന്ധിച്ച് ഇന്ന് റൂൾ 50 പ്രകാരം ലഭിച്ച നോട്ടീസിലെ വിഷയം രണ്ട് വ്യത്യസ്തഘട്ടങ്ങളിലായി ഇന്നലെയും ഫെബ്രുവരി 10-ാം തീയതിയും സഭയ്ക്കകത്ത് ചർച്ചചെയ്തതാണ്. ഏതായാലും റൂൾ 50 പ്രകാരം നൽകിയ നോട്ടീസിന്റെ പശ്ചാത്തലത്തിൽ ചുരുങ്ങിയ വാക്കുകളിൽ ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്. എല്ലാവരും സമയകൃത്യത പാലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ആശാപ്രവർത്തകരുടെ ഓണറേറിയം വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളിൽ സർക്കാർ നടപടി സ്വീകരിക്കാൻ തയ്യാറാകാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന ഉപക്ഷേപം പരിഗണിക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ

രാഹുൽ മാങ്കൂട്ടത്തിൽ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, രണ്ടുതവണ രണ്ട് വ്യത്യസ്തമായിട്ടുള്ള മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ഈ വിഷയം സഭയിൽ ഉന്നയിച്ചതും ചർച്ചചെയ്തതുമാണ്. സബ്മിഷനായി പ്രതിപക്ഷത്തുനിന്ന് 10-02-2025-നം ശ്രദ്ധക്ഷണിക്കലായി ഇന്നലെ ഭരണപക്ഷത്തുനിന്നും ഈ വിഷയം ഉന്നയിക്കുകയുണ്ടായി. രണ്ടുതരത്തിൽ ഉന്നയിക്കപ്പെട്ട ഒരു കാര്യമാണിത്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52(iv)-ലേയ്ക്ക് ഈ സഭയുടെയും ചെയറിന്റെയും ശ്രദ്ധക്ഷണിക്കുകയാണ്. 'ഒരു സമ്മേളനത്തിൽ ചർച്ച ചെയ്ത ഒരു സംഗതിയെപ്പറ്റിയുള്ള ചർച്ച ആ പ്രമേയം വഴി പുനരാരംഭിക്കാൻ പാടില്ല' എന്നാണ് പ്രസ്തുത ചട്ടത്തിൽ പ്രതിപാദിക്കുന്നത്. ഇപ്പോൾ ടി വിഷയം വീണ്ടും

ഉന്നയിക്കുന്നത് ചട്ടത്തിന്റെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിയമസഭയിലെ സഭാ നടത്തിപ്പ് നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങൾ അനുസരിച്ചാണ്. ചട്ടങ്ങളിൽ ഒരു അവ്യക്തതയുമില്ല. അത് വളരെ വ്യക്തവും സ്പഷ്ടവുമാണ്. അപ്രകാരം ആ ചട്ടം നിലനിൽക്കേ നമ്മൾ മൂന്നാമത് ഒരിക്കൽ കൂടി റൂൾ 50 പ്രകാരം ഇത് കൊണ്ടുവരികയാണെന്ന കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയം എത്രതവണ ചർച്ചചെയ്യുന്നതിനും സർക്കാരിന് വിരോധമില്ലെന്ന് മാത്രമല്ല ഇത് പരിഗണിക്കുന്നതിന് ചില കാര്യങ്ങൾ തുറന്നുകാട്ടാമെന്ന സന്തോഷമേയുള്ളൂ. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയെന്നുമാത്രം.

മി. സ്പീക്കർ:യെസ് മിനിസ്റ്റർ.... പോയിന്റ് ക്ലിയർ...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ റൂൾ 50 അനുവദിച്ചതിനുശേഷം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇങ്ങനെയൊരു പരാമർശം നടത്തിയത് ശരിയായില്ല. അങ്ങനെ ചെയ്യാൻ പാടില്ല. The chair has already taken a decision to allow this, അതിനുശേഷം മുൻ സ്പീക്കറും നിലവിലെ

പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുമായ അദ്ദേഹം അതിനൊരു ഒബ്ജക്ഷൻ പറയുന്നത് there is an impropriety; രണ്ടാമത്തെ കാര്യം, ഈ വിഷയം സബ്മിഷനിൽ ഉന്നയിച്ചതാണെന്നും ഭരണപക്ഷത്തുനിന്നും വന്ന ഒരു ശ്രദ്ധക്ഷണിക്കലാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചു. പക്ഷേ ഈ വിഷയത്തിന്റെ പ്രാധാന്യം വളരെ പ്രധാനപ്പെട്ടതാണ്. ഇന്നലെ ഒരു ഭരണകക്ഷി മെമ്പറും ബന്ധപ്പെട്ട വകുപ്പുമന്ത്രിയും തമ്മിൽ നടന്നത് ഏകപക്ഷീയമായുള്ള ഒരു സംവാദമാണ്. ഞങ്ങൾ ആ വിഷയമല്ല കൊണ്ടുവന്നിരിക്കുന്നത്. ഇത് വളരെ വ്യത്യസ്തവും അതിനുശേഷമുണ്ടായതുമായ ഡെവലപ്പ്മെന്റ്സ് അടിസ്ഥാനമാക്കിയാണ് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിരിക്കുന്നത്. ഇതിൽ ധാരാളം പ്രീസിഡന്റ്സ് ഈ സഭയിലുണ്ട്. ആ പ്രീസിഡന്റ്സ് പരിശോധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ എടുത്ത തീരുമാനത്തെ ഞങ്ങൾ അനുസരിക്കുന്നു.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, തെറ്റിദ്ധാരണയുണ്ടാകില്ലെന്നറിയാം. പക്ഷേ സഭയെ തെറ്റിദ്ധരിപ്പിക്കാനും വേണമെങ്കിൽ ഒരു വാർത്ത നാളെയുണ്ടാക്കാനും ഇടയുള്ളതാണെന്നുള്ളതുകൊണ്ട്..... ചെയറിന്റെ

അഭിപ്രായത്തെ ചോദ്യം ചെയ്യുകയല്ല ചെയ്തത്... ഇക്കാര്യം ചട്ടം 52(iv) പ്രകാരം ചെയറിന്റെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുക മാത്രമാണ് ഞാൻ ചെയ്തത്.

ശ്രീ. എൻ. ഷംസുദ്ദീൻ:...(മൈക്ക് ഓഫ്).....

മി. സ്പീക്കർ: No....No... please അവിടെയിരിക്കണം... പ്രതിപക്ഷ നിരയ്ക്കുവേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചു. എല്ലാവർക്കും സംസാരിക്കാൻ അവസരം നൽകാൻ സാധിക്കില്ല. ഏതായാലും ഈ ഫ്ലോർ നിരവധി തവണ ചർച്ചചെയ്ത വിഷയമാണ്. ഉപക്ഷേപം അവതരിപ്പിക്കുന്ന അവതാരകനും ബഹുമാനപ്പെട്ട മന്ത്രിയും സമയകൃത്യത പാലിക്കണമെന്ന് മാത്രമേ ചെയറിന് അപേക്ഷിക്കാനുള്ളൂ.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ദേശീയ ആരോഗ്യദൗത്യത്തിന്റെ ഭാഗമായി 2005-06 കാലയളവിൽ കേന്ദ്ര സർക്കാർ ആരംഭിച്ച കേന്ദ്ര സ്കീമാണ് ASHA. Accredited Social Health Activist എന്നതിന്റെ ചുരുക്കെഴുത്താണ് ASHA. കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്പ്, ഗർഭിണികളുടെ പരിചരണം, ബന്ധപ്പെട്ട

ആരോഗ്യസ്ഥാപനങ്ങളിൽനിന്ന് ആവശ്യമുള്ളവർക്ക് ആവശ്യമായ സേവനങ്ങൾ ഉറപ്പാക്കൽ, സാന്ത്വന പരിചരണം തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് ആശാപ്രവർത്തകർ നിർവഹിച്ചുവരുന്നത്.

സംസ്ഥാനത്ത് 21529 ആശാപ്രവർത്തകർ ഗ്രാമപ്രദേശങ്ങളിലും 4104 ആശാപ്രവർത്തകർ നഗരപ്രദേശങ്ങളിലും 492 ആശാപ്രവർത്തകർ ട്രൈബൽ മേഖലയിലുമുൾപ്പെടെ ആകെ 26125 പേർ 14 ജില്ലകളിലായി സേവനമനുഷ്ഠിച്ചുവരുന്നു. ഡോ. മൻമോഹൻ സിങിന്റെ നേതൃത്വത്തിൽ യു.പി.എ. സർക്കാർ ആശാപ്രവർത്തകരെ സന്നദ്ധപ്രവർത്തകരായാണ് നിശ്ചയിച്ചിരുന്നത്. യു.പി.എ. സർക്കാരിന്റെ കാലത്ത് 2005-06 കാലയളവിൽ പ്രഖ്യാപിക്കപ്പെട്ട കേന്ദ്ര സ്കീമാണ് 'ASHA' എങ്കിലും സംസ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാരാണ് 2007-ൽ ഇത് നടപ്പാക്കിയത്. 2009-10 കാലയളവിൽ കേരളത്തിലാദ്യമായി ആശാപ്രവർത്തകർക്ക് ഉത്സവബത്ത പ്രഖ്യാപിച്ചതും ഓണറേറിയം പ്രഖ്യാപിച്ചതും എൽ.ഡി.എഫ്. സർക്കാരാണ്. 2011 കാലയളവിൽ 500/- രൂപ പ്രഖ്യാപിച്ചശേഷം 2011-ൽ

അധികാരത്തിലെത്തിയ യു.ഡി.എഫ്. സർക്കാർ 2013 മാർച്ച് മാസം മുതലാണ് ഓണറേറിയം കൊടുത്തുതുടങ്ങിയത്.

ആശാപ്രവർത്തകർക്ക് രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണ്. സംസ്ഥാനം നൽകുന്ന ഓണറേറിയത്തിനുപുറമെ (7000/-) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ഒരു ഫിക്സഡ് ഇൻസന്റീവ് 3000/- രൂപ കൂടിയുണ്ട്. ആ 3000 രൂപയും 60:40 അനുപാതത്തിലാണ് നൽകുന്നത്. അതായത് 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരും നൽകുന്നതുകൂടാതെ നിശ്ചിതപ്രവർത്തനങ്ങൾക്കുള്ള ഇൻസെന്റീവുമുണ്ട്. ഇപ്പോൾ പോളിയോ വാക്സിനേഷന് 75/- രൂപയും സാധാരണ ഒരു പ്രതിരോധ കുത്തിവയ്പ്പിന് 20/- രൂപയും നൽകിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കുള്ള ഇൻസെന്റീവ്സും 60:40 അനുപാതത്തിലാണ് നൽകുന്നത്. അതായത് 7000/- രൂപ ഓണറേറിയവും 3000/- രൂപ ഫിക്സഡ് ഇൻസന്റീവും പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കുമുള്ള ഇൻസെന്റീവ്സും കൂടി കണക്കാക്കുമ്പോൾ ഒരു ആശാപ്രവർത്തകയ്ക്ക് 13000/- രൂപ ലഭിക്കുന്നു. ആ 13000/- രൂപയിൽ 9400/- രൂപയും സംസ്ഥാന സർക്കാരാണ് നൽകുന്നത്. പല മാധ്യമങ്ങളും

ഇതുസംബന്ധിച്ച തെറ്റായ വാർത്തകൾ നൽകുന്നുണ്ട്. ഇതിലൊരു കാര്യം കൂടി... ഇന്ന് ഒരു പത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് കണ്ടു. ബഹുമാന്യയായ ശാന്തകുമാരി കെ., എം.എൽ.എ.യോട് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്നത് കേരളമാണെന്ന് പറഞ്ഞു. 'കണക്ക് പറയാതെ മന്ത്രി...' എന്ന് അതേ പത്രമാണ് അതിനുമുമ്പ് 'മന്ത്രിയുടെ വാദം' എന്നൊക്കെ എഴുതിയത്. ഞാൻ അതുകൊണ്ട് കണക്ക് സംബന്ധിച്ച മറ്റ് സംസ്ഥാനങ്ങളുടെ പേര് ഇവിടെ പറയണ്ടല്ലോ എന്ന് കരുതിയതാണ് പറയാതിരുന്നത്. പക്ഷേ ഞാൻ ആ സംസ്ഥാനങ്ങളുടെ പേരും അതോടൊപ്പം ആ സംസ്ഥാനങ്ങൾ നൽകുന്ന ഓണറേറിയം കൂടി ഇവിടെ പറയണമെന്ന് ആഗ്രഹിക്കുന്നു.

ആൻഡമാൻ & നിക്കോബാർ ഐലൻഡ്-500/- രൂപ, ആന്ധ്രാപ്രദേശ്-1000/- രൂപ, അരുണാചൽ പ്രദേശ്-2000/- രൂപ, ബീഹാർ-1000/- രൂപ, ഛത്തീസ്ഗഢ് ഇൻസന്റീവ്സിന് മാച്ചിങ് ആയിട്ടുള്ള തുകയുടെ 75 ശതമാനം മാത്രം സംസ്ഥാനം നൽകും. ഡൽഹി-3000/- രൂപ, ഗുജറാത്ത്- 2500/- രൂപ, ഹരിയാന-6100/- രൂപ, ഹിമാചൽ പ്രദേശ്-4700/- രൂപ, ഝാർഖണ്ഡ്-1000/- രൂപ, കർണാടക-5000/- രൂപ, മഹാരാഷ്ട്ര-3500/- രൂപ, മണിപ്പൂർ-1000/-

രൂപ, മേഘാലയ-2000/- രൂപ, മധ്യപ്രദേശ്-4000/-രൂപ ഒഡീഷ-1000/-രൂപ, പുതുച്ചേരി-3000/-, പഞ്ചാബ്-2500/- രൂപ, രാജസ്ഥാൻ-1650/- രൂപ, സിക്കിം-6000/- രൂപ, തമിഴ്നാട്-500/-രൂപ, തെലങ്കാന-6750/-രൂപ, ത്രിപുരയിൽ ഇൻസെന്റീവ്സിന് തുല്യമായുള്ള 33% തുകയാണ് സംസ്ഥാനം വയ്ക്കുന്നത്. ഉത്തർപ്രദേശ്-1500/- രൂപ, ഉത്തരാഖണ്ഡ്- 3000/-രൂപ, പശ്ചിമ ബംഗാൾ-5250/- രൂപ, കേരളം-7000/- രൂപ. ഇതാണ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോഴുള്ള കേരളത്തിന്റെ കണക്ക്. ഇതോടൊപ്പം വളരെ പ്രധാനപ്പെട്ടൊരു കാര്യമുണ്ട്. 2023-24 സാമ്പത്തിക വർഷം ആശാപ്രവർത്തകർക്ക് ഇൻസെന്റീവായി കേന്ദ്ര സർക്കാർ നൽകേണ്ട 100 കോടി രൂപ നമുക്ക് ലഭിക്കേണ്ടതുണ്ട്. ഇക്കാര്യത്തിനുവേണ്ടി ഒരു രൂപപോലും കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. ആ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ ആശാപ്രവർത്തകർക്ക് ഇൻസെന്റീവ് മുടങ്ങാതെ നൽകിയിട്ടുള്ളത്. ഇതുകൂടാതെ സംസ്ഥാനത്ത് ആദ്യമായി ആശാപ്രവർത്തകർക്ക് മെറ്റേണിറ്റി ലീവ് അനുവദിച്ചു നൽകിയ സംസ്ഥാനം കേരളമാണ്. അതുകൂടാതെ സംസ്ഥാനത്തെ ആകെയുള്ള ആശാപ്രവർത്തകരിൽ 729 പേർ

ജനപ്രതിനിധികളാണ്. അതിൽ 113 പേർ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധ്യക്ഷന്മാർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നവരാണ്. 1130 പേർ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആശാപ്രവർത്തകർക്ക് ഭാഗികമായി ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള ഇടങ്ങളിലെ ജോലികളും ചെയ്യുന്നുണ്ട്. കേരളം ഇക്കാര്യത്തെ എങ്ങനെയാണ് സമീപിക്കുന്നതെന്നതിനൊരു ഉദാഹരണം കൂടി പറയാം, ഡോ. മൻമോഹൻ സിങിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആശാ സ്കീം പ്രഖ്യാപിക്കുമ്പോൾ അന്നത്തെ ആശാപ്രവർത്തകരുടെ മിനിമം യോഗ്യത 7-ാം ക്ലാസ്സായിരുന്നു. പക്ഷേ ഒരു പാർലമെന്റ് സമിതി ആശാപ്രവർത്തകരുടെ യോഗ്യത 10-ാം ക്ലാസ്സാക്കണമെന്ന് പറഞ്ഞു. ആ സമയത്ത് കേരളം 7-ാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരുന്ന ആശാപ്രവർത്തകരെ പരിച്ചുവിടുകയോ അവരോട് ജോലിയിൽ തുടരണ്ടെന്ന് പറയുകയോ ചെയ്തില്ല. അങ്ങനെ പത്താം ക്ലാസ്സിനുതാഴെ യോഗ്യതയുള്ളവരെ സാക്ഷരതാ മിഷന്റെ ഭാഗമായി സ്റ്റേറ്റ് മിഷൻ തന്നെ ചേർത്തുകൊണ്ട് പരീക്ഷ എഴുതിപ്പിച്ചു. അങ്ങനെ 1792 പേർ പത്താം ക്ലാസ്സ് പാസ്സായി. അവരുടെ വിദ്യാഭ്യാസം

അവിടെ അവസാനിപ്പിച്ചില്ല. തുടർവിദ്യാഭ്യാസം ആഗ്രഹിച്ച 798 ആശാപ്രവർത്തകർ ഇപ്പോൾ പ്ലസ് വൺ ക്ലാസ്സിൽ ചേർന്നിരിക്കുകയാണ്. അവർ അത് പൂർത്തിയാക്കിയതിനുശേഷം തുടർന്ന് പഠിക്കണമെന്ന് ആവശ്യപ്പെട്ടാൽ അതിനുള്ള സജ്ജീകരണം സ്റ്റേറ്റ് മിഷൻ ചെയ്തുകൊടുക്കും. കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്തെ എല്ലാ ആശാപ്രവർത്തകർക്കും കമ്പ്യൂട്ടർ സാക്ഷരത നൽകിയ സംസ്ഥാനമാണ് കേരളം. കേന്ദ്ര സ്കീമിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറുമ്പോൾ അതിൽ ഉൾപ്പെട്ട ആശാപ്രവർത്തകരെ എങ്ങനെ ചേർത്തുപിടിക്കാമെന്നതിന്റെ നല്ല മാതൃകയാണ് കേരളം കാണിക്കുന്നത്. അത് ഓണറേറിയത്തിന്റെ കാര്യത്തിലാണെങ്കിലും സ്ട്രക്ച്ചേർഡായിട്ടുള്ള പ്രവർത്തനത്തിന്റെ കാര്യത്തിലാണെങ്കിലും സാമൂഹ്യമായി അവരെ ചേർത്തുപിടിക്കുന്നതാണെങ്കിലും അങ്ങനെയാണ്. ഇനിയും അങ്ങനെതന്നെ മുന്നോട്ടുപോകുകയും ചെയ്യും. ഇതിലൊരു അവ്യക്തതയുമില്ല. അതിനാൽ റൂൾ 50 പ്രകാരം നൽകിയിരിക്കുന്ന നോട്ടീസ് സഭ ചർച്ചയ്ക്കെടുക്കേണ്ടതില്ലെന്ന് അറിയിച്ചുകൊള്ളുന്നു.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, നമ്മുടെ നാട്ടിൻപുറങ്ങളിലും ആശുപത്രികളിലും വീൽ ചെയർ ഉരുട്ടിയും ട്രോളി വലിച്ചും ഷിഫ്റ്റുപോലും ഇല്ലാതെ ജോലി ചെയ്യും വളരെ കഷ്ടപ്പെടുന്ന നമ്മുടെ അമ്മമാരും സഹോദരിമാരും സെക്രട്ടേറിയറ്റ് പടിക്കൽ സമരത്തിലാണ്. കോവിഡ് മഹാമാരിയുടെ സമയത്ത് ഒരാൾപോലും പുറത്തിറങ്ങാൻ പാടില്ലെന്നുള്ള കർശന നിർദേശമുണ്ടായിരുന്ന കാലത്ത് സ്വന്തം ജീവൻപോലും പരിഗണിക്കാതെ നമ്മുടെ നാട്ടിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ആ സാധുമനുഷ്യർ കഴിഞ്ഞ 23 ദിവസക്കാലമായി സെക്രട്ടേറിയറ്റിന് മുമ്പിലെ വെറും തറയിൽ സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കോവിഡ് സർവെയും ലെപ്രസി സർവെയും നടത്തി, ഇവിടെ നേരത്തെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഗർഭിണികളുടെ പരിചരണവും കുഞ്ഞുങ്ങളുടെ പരിചരണവും നടത്തി മഴയും വെയിലും കൊണ്ട് നമ്മുടെ വീടുവീടാന്തരം കയറിയിറങ്ങുന്ന സാധുമനുഷ്യർ അതേ മഴയും വെയിലും കൊണ്ടാണ് ഇപ്പോൾ സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത്. പകലെന്നോ രാത്രിയെന്നോ വ്യത്യാസമില്ലാതെ

ആഴ്ചയിൽ 7 ദിവസവും ജോലി ചെയ്യേണ്ടിവരുന്ന ആ സാധുക്കൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത് ആകെ 7000/- രൂപ മാത്രമാണ്. ഈ തുച്ഛമായ ശമ്പളം പോലും കഴിഞ്ഞ മൂന്നുമാസക്കാലമായി മുടങ്ങിയതിന്റെ പേരിലാണ് അവർക്ക് സമരം ചെയ്യേണ്ടിവന്നത്. പ്രതിദിനം 700/- രൂപ വേതനമുള്ള ഈ സംസ്ഥാനത്ത് ആശാപ്രവർത്തകർക്ക് ലഭിക്കുന്നത് കേവലം 232/- രൂപയാണ്. ആ 232/- രൂപയാണ് ഇപ്പോൾ ഇവർ മുടക്കിയിരിക്കുന്നത്. അവർക്ക് പ്രതിദിനം 700/- രൂപയായി ശമ്പളം വർധിപ്പിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. അവർ അങ്ങനെ ആവശ്യപ്പെടുമ്പോൾ എന്തിനാണ് ഇവർ അസ്വസ്ഥപ്പെടുന്നത്? 700 രൂപ അവർക്ക് ശമ്പളം നൽകുമെന്ന് പറഞ്ഞതും ഇവർ തന്നെയാണ്. ആശാപ്രവർത്തകർ, അങ്കണവാടി, കുടുംബശ്രീ ജീവനക്കാർ തുടങ്ങിയ സ്കീം വർക്കേഴ്സിന് മിനിമം കൂലി 700/- രൂപ ആക്കുമെന്ന്

2021-ലെ എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലെ 45-ാം പോയിന്റിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. ഇവർ നൽകിയ വാഗ്ദാനത്തിനുവേണ്ടി ആ സാധുമനുഷ്യർ സമരം ചെയ്യുമ്പോൾ ഇവർ എന്തൊക്കെ പുലഭ്യമാണ് അവരെ പറയുന്നത്. നിങ്ങൾ എന്തൊക്കെയാണ് അവരെ വിളിച്ചത്. കൃമികീടങ്ങൾ,

ഈർക്കിൽ പാർട്ടികൾ, ബക്കറ്റ് പിരിവുകാർ എന്നിങ്ങനെയെല്ലാം നിങ്ങൾ അവരെ വിളിച്ചില്ലേ; എന്നുമുതലാണ് ബക്കറ്റ് പിരിവ് ഇവർക്ക് ഇത്ര അയിത്തമായി മാറിയത്; നിങ്ങൾ കൊലയാളികൾക്കുവേണ്ടി ബക്കറ്റ് പിരിവ് നടത്തിയ പാർട്ടിക്കാരല്ലേ? ഇപ്പോൾ നിങ്ങൾക്ക് ബക്കറ്റ് പിരിവ് മോശം കാര്യമായി തോന്നുകയാണ്. മിനിമം കൂലി വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ആശാപ്രവർത്തകർ സമരം ചെയ്യുമ്പോൾ മിനിമം കൂലി കൂട്ടേണ്ടത് കേന്ദ്രമാണെന്നാണ് നമ്മുടെ മന്ത്രി പറയുന്നത്. അങ്ങനെ മിനിമം കൂലി കൂട്ടേണ്ടത് കേന്ദ്രമാണെങ്കിൽ പിന്നെ എന്തിനാണ് 2014 ഡിസംബർ 8-ാം തീയതി ആശാപ്രവർത്തകരുടെ സമരത്തെ തള്ളിപ്പറയുന്ന സി.ഐ.ടി.യു.-വിന്റെ സെക്രട്ടറി ശ്രീ. എളമരം കരീം ഇതേ നിയമസഭയിൽ ആശാപ്രവർത്തകരുടെ വേതനം 10000/- രൂപയായി വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടത്? ഈ ശമ്പളം വർധിപ്പിക്കേണ്ടത് കേന്ദ്രമാണെങ്കിൽ പിന്നെ എന്തിനുവേണ്ടിയാണ് 2024 ഫെബ്രുവരി മാസം 29-ാം തീയതി പശ്ചിമബംഗാളിലെ സി.ഐ.ടി.യു-കാർ ആശാപ്രവർത്തകരുടെ ശമ്പളം 26,000/- രൂപയാക്കി വർധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സമരം ചെയ്തത്;

എന്തിനാണ് ബംഗാളിലെ സി.ഐ.ടി.യു-കാർ ബംഗാൾ സർക്കാരിനെതിരായി സമരം ചെയ്തത്? വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ 75-ാമത് ലോകാരോഗ്യ അസംബ്ലിയിൽ ഗ്ലോബൽ ഹെൽത്ത് ലീഡേഴ്സ് അവാർഡ് നേടിയ വ്യക്തികളാണ് കഴിഞ്ഞ 23 ദിവസക്കാലമായി മഴയും വെയിലും കൊണ്ട് സമരത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ മന്ത്രിമാരോ അവരോട് സംസാരിക്കാൻപോലും തയ്യാറായിട്ടുണ്ടോ; അവരുടെ സമരത്തെ ഗൗനിച്ചിട്ടില്ലെന്ന് മാത്രമല്ല, ആ സാധുമനുഷ്യർ മഴ കൊള്ളാതിരിക്കാൻ കെട്ടിയ ടാർപോളിൻ മിസ്റ്റർ ചീഫ് മിനിസ്റ്ററിന്റെ പോലീസ് വലിച്ചുപറിച്ച് കളഞ്ഞതിൽ എന്ത് നീതിയാണുള്ളത്? ആരോഗ്യ വകുപ്പുമന്ത്രി ഇത്രയും വിശദീകരണങ്ങൾ ആശാപ്രവർത്തകരോട് പറഞ്ഞോ; ആശാപ്രവർത്തകർ നൽകുന്ന ഡാറ്റയുടെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പുമന്ത്രി ഇടക്കിടയ്ക്ക് സഭയിൽ വന്ന് കേരളം നമ്പർ വൺ എന്ന് വീമ്പുകൊള്ളുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുന്ത്രി, വനിത-ശിശുവികസന വകുപ്പുമന്ത്രി കൂടിയല്ലേ; ഇത്രയേറെ വനിതകൾ അവിടെ സമരം ചെയ്യുമ്പോൾ ആ വനിതകളോട് ഒന്ന് സംസാരിച്ചോ? സംസാരിച്ചിട്ടില്ലെന്ന്

മാത്രമല്ല, സമരം ചെയ്യുന്ന സാധുമനുഷ്യർ പറഞ്ഞത്, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ കാണാൻ വീട്ടിൽ പോയപ്പോൾ വീട്ടിൽ വരണ്ടെന്നും ഓഫീസിൽ വരാനുമാണ് ആവശ്യപ്പെട്ടതെന്നാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ഞാനും അങ്ങും ഈ സഭയിൽ ഇരിക്കുന്ന എല്ലാവരും വീടുവീടാന്തരം കയറി വോട്ട് ചോദിച്ചവരല്ലേ; വോട്ട് ചോദിക്കാൻ പോകുമ്പോൾ ഓഫീസ് സമയത്താണോ പോകുന്നത്; വോട്ടുചോദിക്കാൻ കൊച്ചുവെളുപ്പാൻ കാലത്തും പാതിരാത്രിയിലും പോകാം. പക്ഷേ വോട്ട് കിട്ടി വിജയിച്ചതിനുശേഷം ആ സാധുമനുഷ്യർക്ക് ഒരു ആവശ്യം വന്നാൽ ആ ആവശ്യം നടപ്പാക്കണമെങ്കിൽ ഓഫീസ് സമയത്ത് വരണമെന്ന് പറഞ്ഞാൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് ആ ഓഫീസ് അധിക നാളുണ്ടാകില്ലെന്ന് ഓർക്കുന്നത് നല്ലതായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പടിക്കൽ ഇങ്ങനെ ഒരു സമരം നടന്നിട്ട് അദ്ദേഹം അവരെ ഒന്ന് തിരിഞ്ഞ് നോക്കിയോ; എന്തുകൊണ്ടാണ് ഒരു ജനകീയ സമരത്തെയും അഡ്രസ് ചെയ്യില്ലെന്ന ഫാൾസ് ഈഗോയുമായി കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇരിക്കുന്നത്; മുഖ്യമന്ത്രി അവരെ കണ്ടില്ലെങ്കിലും

അവരുടെ മുന്നിൽക്കൂടി ഇൻവെസ്റ്റ് കേരള ഗ്ലോബൽ മീറ്റിൽ പങ്കെടുക്കാൻ പോയി. അത് സന്തോഷമുള്ള കാര്യമാണ്. നിക്ഷേപകരെ കാണൂ. ഞങ്ങൾ 2003-ൽ 'ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റ്' (ജിം) നടത്തിയപ്പോൾ അതിനെ തള്ളിപ്പറഞ്ഞ ആളുകൾ 2025-ാം ആണ്ടിൽ പേരുമാറ്റി അത് നടത്തുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. മാത്രമല്ല, അത് നടത്തിയത് ഗ്രാൻഡ് ഹയാത്തിലാണ്. ഈ കെട്ടിടം പണിയുമ്പോൾ ആ നിർമ്മാണത്തിനെതിരെ സമരം ചെയ്ത ആളുകൾ അതേ ഗ്രാൻഡ് ഹയാത്തിൽ ഈ സമ്മേളനം നടത്തുമ്പോൾ... നിറം മാറുന്നതിനെപ്പറ്റി ഓർത്ത് ഓന്ത് പോലും ഇവരുടെ മുന്നിൽ കൺഫ്യൂഷനടിച്ചിരിക്കുകയാണ്. ആശാപ്രവർത്തകരുടെ ശമ്പളം 21000/- രൂപയാക്കണമെന്ന് പറയുമ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിപോലും പറഞ്ഞത് എന്താണ്; ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്ത് 1000/- രൂപയായിരുന്നു ഓണറേറിയം. അത് ശരിയാണ്. ഈ പദ്ധതിയുടെ പ്രാരംഭകാലത്ത്, ശ്രീ. വി.എസ്.അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് 300/- രൂപയായിരുന്ന ഓണറേറിയം ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 1000/- രൂപയാക്കി മാറ്റി. അന്ന് 1000/-

രൂപയാക്കുമ്പോൾ ആശാപ്രവർത്തകരുടെ പ്രവർത്തി സമയം വെറും 3 മണിക്കൂർ മാത്രമായിരുന്നു. മാത്രമല്ല ആ മൂന്ന് മണിക്കൂറിനുശേഷം ആശാപ്രവർത്തകർക്ക് എന്ത് ജോലിക്കുവേണമെങ്കിലും പോകാമായിരുന്നു. അവർക്ക് മറ്റ് വരുമാനങ്ങൾ നേടാനും സാധിക്കുന്നതായിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ അതാണോ; അവരുടെ പ്രവർത്തിസമയം ഇപ്പോൾ 9 മണി മുതൽ 5 മണി വരെ ആണോ; അല്ല. ജോലി കഴിഞ്ഞ് അവർ വീട്ടിൽ പോയതിനുശേഷവും ഡാറ്റാ എൻട്രി നടത്തണം. അതുമാത്രമല്ല, 2018-നുശേഷം ആശാപ്രവർത്തകർ മറ്റ് ജോലിക്ക് പോകുന്നത് നിയമപരമായി നിരോധിക്കുകയും ചെയ്തു. അവർക്ക് മറ്റൊരു വരുമാനവുമില്ല. ആ മനുഷ്യർക്കാണ് 10 മാനദണ്ഡങ്ങളിലൂടെ മാത്രം ഇപ്പോൾ 7000/- രൂപ നൽകിക്കൊണ്ടിരുന്നത്. ഈ ആശാപ്രവർത്തകർക്ക് നേരത്തെ പറഞ്ഞ ജോലികൾ മാത്രമല്ല ഉള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഏതെങ്കിലും പരിപാടികൾ ഉദ്ഘാടനം ചെയ്യാൻ വരുമ്പോൾ ആ പ്രസംഗത്തിന് നിർബന്ധമായും പോയി ഇരുന്ന് കൈയടിക്കണം. ഇവരുടെ പ്രസംഗം കേട്ട് കയ്യടിക്കുന്ന ആ സാധുമനുഷ്യർക്ക് 232/- രൂപ നൽകിയാൽ മതിയാകുമോ? ഇന്ത്യയിൽ ഏറ്റവുമധികം ഓണറേറിയം നൽകുന്ന സംസ്ഥാനം

കേരളമാണെന്നാണ് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിപോലും പറയുന്നത്. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് പഠിച്ച ഇന്ത്യയുടെ ഭൂപടത്തിൽ സിക്കിം എന്ന സംസ്ഥാനം ഇല്ലേ; ആ സിക്കിമിൽ 10000/- രൂപയാണ് ഓണറേറിയമായി നൽകുന്നത്. ആ 10000/- രൂപ എന്നത് കേരളത്തിൽ കൊടുക്കുന്ന 7000/- രൂപയ്ക്ക് മുകളിലാണ്. അല്ലെങ്കിൽത്തന്നെ ഇവരുടെ താരതമ്യം എങ്ങനെയാണ്; ഏത് വിഷയം പറഞ്ഞാലും കേരളത്തേക്കാൾ ദുർബലമായ സംസ്ഥാനങ്ങളുടെ പേര് പറഞ്ഞ് താരതമ്യം ചെയ്യാറാണുള്ളത്. അതുകൊണ്ട് ഈ നാടിന് എന്താണ് പ്രയോജനം; താരതമ്യം ചെയ്യുമ്പോൾ നമ്മേക്കാൾ മുൻപന്തിയിൽ നിൽക്കുന്നവരുമായി താരതമ്യം ചെയ്യണം. ആശാപ്രവർത്തകരുടെ കാര്യത്തിൽ ഇവർ താരതമ്യം ചെയ്യുമോ;

മി. സ്പീക്കർ: യെസ്.. യെസ്.. പ്ലീസ്..പ്ലീസ്..

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, പശ്ചിമബംഗാളുമായി താരതമ്യം ചെയ്യുമ്പോൾ, പശ്ചിമബംഗാളിൽ ആശാപ്രവർത്തകർ റിട്ടയർ ചെയ്യുമ്പോൾ അവർക്ക് വിരമിക്കൽ ആനുകൂല്യമായി 5 ലക്ഷം രൂപയാണ് നൽകുന്നത്.

ഏറ്റവും കൂടുതൽ കാലം നിങ്ങളുടെ പാർട്ടി പശ്ചിമബംഗാളിൽ ഭരണം നടത്തിയതുകൊണ്ടല്ല ആശാപ്രവർത്തകരുടെ വിരമിക്കൽ ആനുകൂല്യം 5 ലക്ഷം രൂപയായത്. ഇവരെ അവിടത്തെ ജനങ്ങൾ കല്ലെറിഞ്ഞ് ഓടിച്ചതുകൊണ്ടാണ് വിരമിക്കൽ ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുന്നത്.

മി. സ്പീക്കർ: യെസ്.. യെസ്.. പ്ലീസ്..പ്ലീസ്..കൺക്ലൂഡ്..

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, അല്ലെങ്കിൽത്തന്നെ ഇവരുടെ റാങ്കിങ്ങിന്റെ പ്രത്യേകത എന്താണ്; ഇവരുടേത് വിശേഷമായ റാങ്കിങ്ങാണ്. ആ റാങ്കിങ്ങിൽ ചോദ്യം തയ്യാറാക്കുന്നതും പരീക്ഷ നടത്തുന്നതും അത് പരിശോധിക്കുന്നതും അതിന്റെ സർട്ടിഫിക്കറ്റ് നൽകുന്നതും ഇവരാണ്.

മി. സ്പീക്കർ: യെസ്..ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, പ്ലീസ്..കൺക്ലൂഡ്..

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ആശാപ്രവർത്തകർക്ക് 700/- രൂപ കൊടുക്കാൻ സർക്കാരിന്റെ കയ്യിൽ പണമില്ലെങ്കിലും പി.എസ്.സി. മെമ്പർമാർക്ക്, ഒരു പി.എസ്.സി. നിയമനവും നടത്താത്ത മെമ്പർമാർക്കും നേരത്തെ 2,23,000/- രൂപ ശമ്പളമുണ്ടായിരുന്നത് 3,25,000/- രൂപയായി വർധിപ്പിച്ചു.

<u>മി. സ്പീക്കർ</u>: യെസ്.. കൺക്ലൂഡ്....

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, പ്രതിദിനം 10000/- രൂപ ശമ്പളമുണ്ടായിരുന്നത് അപര്യാപ്തമാണെന്ന് ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ ശമ്പളം 13541/- രൂപയാക്കി. പി.എസ്.സി. ചെയർമാന്റെ പ്രതിദിന ശമ്പളം 10000/- രൂപയിൽനിന്നും 14538/- രൂപയാക്കി വർധിപ്പിച്ചു. ഇവർ പറയുന്ന പ്രധാനപ്പെട്ട കാര്യം,....

<u>മി. സ്പീക്കർ</u>: യെസ്.. യെസ്.. ഇത് പ്രധാനപ്പെട്ട കാര്യമല്ല. പോയിന്റിലേയ്ക്ക് കൺക്ലൂഡ് ചെയ്യൂ. എല്ലാം പ്രധാനപ്പെട്ടതാണ്.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. കേന്ദ്രസർക്കാർ പണം നൽകിയില്ലെന്നതാണ് ഇവർ പറയുന്ന പ്രധാനപ്പെട്ട കാര്യം. കണക്കുപ്രകാരം പരമാവധി 98 കോടി രൂപയാണ് കേന്ദ്രസർക്കാർ നൽകാനുള്ളത്. കേന്ദ്രസർക്കാരിൽനിന്നും 98 കോടി രൂപപോലും വാങ്ങിച്ചെടുക്കാൻ കഴിവില്ലാത്ത ശ്രീ. കെ. വി. തോമസിന് 30 ലക്ഷം രൂപ ശമ്പളം കൊടുക്കുന്നു. ഇതുകൂടാതെ അദ്ദേഹത്തിന്റെ നിലവിലുള്ള യാത്രാബത്ത

5 ലക്ഷം രൂപയിൽനിന്നും 6,11,000/- രൂപ വർധിപ്പിച്ച് നിലവിൽ 11,11,000/- രൂപയാക്കിയില്ലേ?

മി. സ്പീക്കർ: യെസ്.. യെസ്..പ്ലീസ്... കൺക്ലൂഡ്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ശ്രീ. കെ. വി. തോമസ് മാഷിനോട് പറയൂ കേന്ദ്ര സർക്കാരിൽനിന്നും 98 കോടി രൂപ വാങ്ങിയെടുക്കാൻ.

മി. സ്പീക്കർ: യെസ്.. യെസ്..പ്ലീസ് കൺക്ലൂഡ്. ചെയ്യൂ.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, കൺക്ലൂഡ് ചെയ്യുകയാണ്.

മി. സ്പീക്കർ: സമയമായി.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഇവരുടെ ഫാൾസ് ഈഗോകൾ വിട്ട് ഇവരുടെ പ്രസംഗത്തിന് കൈയടിക്കുന്ന ആ സാധുമനുഷ്യരുടെ ഓണറേറിയം 21000/- രൂപയായി വർധിപ്പിക്കണം, മാനദണ്ഡങ്ങൾ അവസാനിപ്പിക്കണം, കുടിശ്ശിക വരുത്താൻ പാടില്ല. ആശയറ്റ് സമരത്തിലിരിക്കുന്ന ആ സാധുമനുഷ്യർ കേവലം ആശാപ്രവർത്തകരല്ല, അവർ കേരളത്തിന്റെ ആരോഗ്യസേനയാണ്. അവരോട് നീതി പുലർത്തുന്നതിന് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, പാലക്കാട് എം.എൽ.എ. ആയ ബഹുമാനപ്പെട്ട അംഗം യൂത്ത് കോൺഗ്രസിന്റെ പ്രസിഡന്റ് കൂടിയാണ്. പക്ഷെ SUCI(C)-യുടെ നാവായി കേരളത്തിലെ യൂത്ത് കോൺഗ്രസിന്റെ പ്രസിഡന്റ് മാറിയെന്നുള്ളത് ഒരു ഗതികേടായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. അത് വളരെ അബദ്ധജഡിലവും. ആശാപ്രവർത്തകരെക്കുറിച്ചും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഒരുകാര്യംപോലും പ്രമേയാവതാരകന് അറിയില്ല എന്നതാണ് തുടക്കം മുതലുള്ള അദ്ദേഹത്തിന്റെ വാക്കുകളിൽനിന്നും വ്യക്തമാകുന്നത്. രണ്ടാം യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിൽ, ഡോ. മൻമോഹൻ സിങ്ങിന്റെ കാലഘട്ടത്തിലാണ് ആശാ സ്കീം ആരംഭിച്ചതെന്ന് അദ്ദേഹം പറഞ്ഞു. അന്നത്തെ ഗൈഡ്‌ലൈനിലെ ഒരുകാര്യം ഞാൻ വായിക്കാം, 'State Governments may modify these guidelines except that no change may be done in the basic criteria of ASHA being a woman volunteer ....' എന്നാണ് അതിൽ പറയുന്നത്. എന്താണ് കോൺഗ്രസിന്റെ നിലപാട്; SUCI(C)-യുടെ നിലപാടാണോ INTUC-യ്ക്കുള്ളത്;

പ്രമേയാവതാരകൻ അതെങ്കിലും പരിശോധിച്ചിട്ടുവരണ്ടേ; ഒരു വാർത്താക്കുറിപ്പ് കൂടി വായിക്കാം, യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇന്ത്യൻ എക്സ്പ്രസ് കൊടുത്ത വാർത്തയാണ്. 2014 ഡിസംബർ മാസം 18-ാം തീയതി അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി മാധ്യമങ്ങളോട് സംസാരിച്ചതിൽ ചില വാക്കുകളാണ്, ' This year' s incentive for ASHA workers and the three-month honorarium during 2013-2014'; അതായത് മുൻ സാമ്പത്തിക വർഷത്തെ ഓണറേറിയവും ഈ വർഷത്തെ ഇൻസെന്റീവും '...will be disbursed before Christmas' എന്നാണ്. 2014 ഡിസംബർ മാസമാണ് ഇത് പറയുന്നത്. 'The honorarium for the year 2014-2015 will be made available before January 30'. അതായത് അന്നത്തെ നടപ്പുസാമ്പത്തികവർഷം. ' He said that he will make an appeal to the Central Government in the next year' s project report to increase the benefits of ASHA Workers.' കേന്ദ്രസർക്കാർ ഈ സ്കീം പ്രഖ്യാപിക്കുമ്പോൾ കേരളം ഭരിച്ചുകൊണ്ടിരുന്നത് യു.ഡി.എഫ്. സർക്കാർ ആയിരുന്നു. അതിനുശേഷം വീണ്ടും യു.ഡി.എഫ്. 2011 മുതൽ 2016 വരെ അധികാരത്തിൽ വന്നല്ലോ; ആ കാലഘട്ടത്തിൽ കേന്ദ്രവും

സംസ്ഥാനവും ഒരുപോലെ കോൺഗ്രസ് ഭരിച്ചതല്ലേ; 'Woman volunteers/സന്നദ്ധപ്രവർത്തകർ' എന്നത് മാറ്റി തൊഴിൽ നിയമങ്ങളുടെ പരിധിയിൽ ഇവരെ കൊണ്ടുവരണമെന്നുള്ള നിലപാട് സംസ്ഥാനത്തെ കോൺഗ്രസ് എടുത്തിരുന്നോ; അതിനുവേണ്ടി ഒരു അപേക്ഷ കൊടുത്തിരുന്നോ? അതിൽ ഇടതുപക്ഷ ഗവൺമെന്റിന് വ്യക്തമായിട്ടുള്ള നിലപാടുണ്ട്. 500/- രൂപ 1000/- രൂപയായി വർധിപ്പിച്ചുവെന്ന് ഇവിടെ പ്രമേയാവതാരകൻ സൂചിപ്പിച്ചു. 2016-ലെ ഇടതുപക്ഷ സർക്കാരാണ് 1000/- രൂപ നൽകിത്തുടങ്ങിയത്. 400/-രൂപയാണ് 5 വർഷംകൊണ്ട് വർധിപ്പിച്ചത്. യു.ഡി.എഫ്.-ന്റെ നിലപാടും അവർ സ്വീകരിച്ച സമീപനവുമായിരുന്നുവെങ്കിൽ, ആ 1000/- രൂപയിൽനിന്ന് ആശാപ്രവർത്തകർക്ക് ഇപ്പോൾ ലഭിക്കേണ്ടിയിരുന്ന ഓണറേറിയം 1800/- രൂപയാകും. അതായത് 100/- രൂപ വർധിപ്പിച്ചുകൊണ്ടാണിരുന്നത്. ഇടതുപക്ഷ സർക്കാർ ചെയ്തത് അങ്ങനെയല്ല. പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ടെങ്കിൽ അക്കാര്യങ്ങൾ കൃത്യമായി വാക്ക് പാലിച്ചുപോകാനും ഇടതുപക്ഷ സർക്കാരിന് അറിയാം. 1000/-രൂപയിൽനിന്ന് 1800/- രൂപ ആക്കുകയല്ല ഇത്രയും വർഷങ്ങൾക്കൊണ്ട് ചെയ്തത്, 1000/-

രൂപയിൽനിന്ന് 7000/- രൂപയായിട്ട് വർധിപ്പിക്കുകയാണ് ചെയ്തത്. ആശാപ്രവർത്തകരുടെ ഓണറേറിയം സംബന്ധിച്ച കാര്യത്തിൽ സർക്കാരിന് അനുഭാവപൂർണ്ണമായ നിലപാടാണുള്ളത്. അത് ഇനിയും വർധിപ്പിക്കണമെന്ന നിലപാട് തന്നെയാണുള്ളത്. അതിൽ യാതൊരുവിധ തർക്കവുമില്ല. ഞാൻ ചർച്ച നടത്തിയില്ലെന്ന് ഇവിടെ പറഞ്ഞു. ഞാൻ വളരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന അനേകം ബഹുമാനപ്പെട്ട അംഗങ്ങൾ പ്രതിപക്ഷ നിരയിലുണ്ട്. അവിടെ സമരം ചെയ്യുന്ന ആശാപ്രവർത്തകരുമായി ചർച്ച നടത്തണമെന്ന് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല എന്നെ വിളിച്ചുപറഞ്ഞു. എസ്.എം.ഡി. (സ്റ്റേറ്റ് മിഷൻ ഡയറക്ടർ)-യോട് ചർച്ച നടത്താൻ ഞാൻ പറഞ്ഞു. 14-ാം തീയതി എസ്.പി.എം. (സ്റ്റേറ്റ് പ്രോജക്ട് മാനേജർ) ചർച്ച നടത്തി. ഞങ്ങൾക്ക് മന്ത്രിയെ കാണണമെന്ന് അവർ പറഞ്ഞതനുസരിച്ച് അതിനെന്താ വന്നോളൂവെന്ന് ഞാൻ പറഞ്ഞു. പതിനഞ്ചാം തീയതി രാവിലെ 10.00 മണിക്ക് എന്റെ ഓഫീസിൽ അവർ എത്തി. 10.00 മണി മുതൽ 11.40 വരെ ഞാൻ അവരുമായി ചർച്ച നടത്തി. കാര്യങ്ങളെല്ലാം വിശദമായി സംസാരിച്ചു. അവർ ഉന്നയിച്ച രണ്ട് കാര്യങ്ങളിൽ

ഒന്ന്, ഓണറേറിയം 21000/- രൂപയായി വർധിപ്പിക്കണമെന്നാണ്. സിക്കിമിന്റെ കാര്യം സൂചിപ്പിച്ചല്ലോ; കേരളത്തിലെ സ്കൂളുകളിലും കലാലയങ്ങളിലുമാണ് ഞാൻ പഠിച്ചത്. ഞാൻ കൃത്യമായിതന്നെ പഠിച്ചിട്ടുണ്ട്. എന്റെ കൈയിൽ സിക്കിം ഗവൺമെന്റിന്റെ ഉത്തരവുണ്ട്. പല മാധ്യമങ്ങളും ഈ വാർത്ത കൊടുക്കുന്നത് ഞങ്ങൾ കണ്ടു. കൂടാതെ ഒരു ഉത്തരത്തിലും 10000/- രൂപയായി പ്രഖ്യാപിച്ചുവെന്ന് കണ്ടിരുന്നു. അതിനാൽ അവിടത്തെ സ്റ്റേറ്റ് കോർഡിനേറ്ററെ ഉൾപ്പെടെ ബന്ധപ്പെട്ടു. അവർ കഴിഞ്ഞ ദിവസം അയച്ചുതന്ന ഉത്തരവ് എന്റെ കൈവശമുണ്ട്. 6000/- രൂപയാണെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. അവർ പറയുന്നത് വിശ്വസിക്കുകയേ നമുക്ക് മാർഗമുള്ളൂ. സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല എന്നത് പ്രധാനപ്പെട്ട കാര്യമാണ്. എന്റെ ആദ്യത്തെ മറുപടിയിൽത്തന്നെ പറഞ്ഞിരുന്നു, 7000/- രൂപ എന്നത് ഓണറേറിയം മാത്രമാണ്. കൂടാതെ ഫിക്സഡ് ഇൻസെന്റീവ് 3000/- രൂപയും വിവിധ പ്രവർത്തനങ്ങൾക്ക് നൽകുന്ന ഇൻസെന്റീവുമുണ്ട്. അങ്ങനെ ജനുവരി മാസത്തെ കണക്കെടുത്താൽ കേരളത്തിലെ 89.98 ശതമാനം ആശാപ്രവർത്തകർക്കും 10,000/- രൂപയ്ക്കും 13,000/- രൂപയ്ക്കും ഇടയ്ക്ക്

വേതനം ലഭിക്കുന്നവരാണ്. ഏറ്റവും ഉയർന്ന വേതനം കേരളത്തിൽതന്നെയാണ് ലഭിക്കുന്നത്. അതിൽ 7000/- രൂപയെന്നത് സഭയെ വീണ്ടും തെറ്റിദ്ധരിപ്പിക്കാനായി ശ്രമിക്കരുത് എന്നുള്ളത് ഞാൻ ഒരിക്കൽകൂടി അഭ്യർഥിക്കുകയാണ്. കേരളം നമ്പർ വൺ ആയതുകൊണ്ടുതന്നെയാണ് കേരളം നമ്പർ വൺ ആണെന്ന് പറയുന്നത്. വ്യക്തിപരമായ ചില കാര്യങ്ങൾ പറയുകയുണ്ടായി, വീട്ടിൽവന്നപ്പോൾ അധിക്ഷേപിച്ചുവെന്ന കാര്യം. SUCI(C)-യുടെ, ഇവിടെ പാർലമെന്റ് ഇലക്ഷനിൽ ഇപ്പോൾ അവരുടെ എം.പി.-ക്കെതിരെ മത്സരിച്ച വ്യക്തി പറഞ്ഞകാര്യം അതേ കള്ളമാണ് യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റും പാലക്കാട് എം.എൽ.എ.-യുമായ ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞിരിക്കുന്നത്. വ്യക്തിപരമായി നടത്തിയിട്ടുള്ള അസത്യപ്രചരണത്തിനും കള്ള പ്രചരണത്തിനുമെതിരെ നിയമനടപടികൾ സ്വീകരിക്കാൻതന്നെ തീരുമാനിച്ചിട്ടുണ്ട്. ആ നിയമ നടപടികളിലൂടെ മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. ഈയവസരത്തിൽ നമ്മൾ കാണേണ്ടതായ ഒരു കാര്യം കൂടിയുണ്ട്, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ എങ്ങനെയാണ് ഇത് നൽകിയതെന്നുകൂടി പരിശോധിക്കുന്നത്

നല്ലതായിരിക്കും. മുമ്പ് ഉത്സവബത്തയാണ് ഉണ്ടായിരുന്നത്. ഇടതുപക്ഷ സർക്കാരിന്റെ കാലഘട്ടത്തിൽ ഓണറേറിയം ആദ്യം പ്രഖ്യാപിച്ചു, പിന്നീട് 500/- രൂപയാക്കി. 2013 മാർച്ച് മാസത്തിലാണ് 500 രൂപയാക്കി പ്രഖ്യാപിച്ചത് ആദ്യം കൊടുക്കുന്നത്. അതായത് 20 മാസങ്ങൾക്കുശേഷമാണ് ഓണറേറിയം കൊടുക്കുന്നത്. എക്സ്പെൻഡിച്ചറിന്റെ കണക്കാണ് എന്റെ കൈയിലുള്ളത്. (പേപ്പർ ഉയർത്തികാണിച്ചു.) അതായത്, ഓണറേറിയം നൽകിയതിന്റെ എക്സ്പെൻഡിച്ചറിന്റെ കണക്കാണ്. ആ കാലഘട്ടത്തിൽ 2010-11 മുതൽ 2024-25 വരെയുള്ള ഓണറേറിയത്തിന്റെ എക്സ്പെൻഡിച്ചർ നമുക്കൊന്ന് നോക്കാം. 2011-12 യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഒന്നും നൽകിയിരുന്നില്ല. 0.11 ശതമാനമായിരുന്നു എക്സ്പെൻഡിച്ചർ. ഫെസ്റ്റിവൽ അലവൻസ് മാത്രമാണ് നൽകിയിരുന്നത്. അതിനുശേഷം നോക്കിയാൽ ഒരോ വർഷം വൈകിയാണ് ഓണറേറിയം നൽകിയിട്ടുള്ളത്. 2013-14 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ഓണറേറിയം നൽകിയത് 2014 മേയ് മാസത്തിലാണ്. 2013-14 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള ഓണറേറിയം നൽകിയത് 2014 ഓഗസ്റ്റ് മാസത്തിലാണ്. 2013-14 ഡിസംബർ

മുതൽ ഫെബ്രുവരി വരെയുള്ള ഓണറേറിയം നൽകിയത് 2014 ഡിസംബർ മാസത്തിലാണ്. 2013-14 മാർച്ച് മാസത്തിലെ ഓണറേറിയം നൽകിയത് 03-04-2015-ലാണ്. ഓരോ വർഷം വൈകിയാണ് ഓണറേറിയം നൽകിയിരുന്നത്. 2014-15 യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ ഓണറേറിയം നൽകിയത് 1.97 ശതമാനം മാത്രമാണ്. ഞാൻ കണക്കുകൾ വച്ചാണ് പറയുന്നത്. ഞാനിത് ടേബിൾ ചെയ്യാൻ തയ്യാറാണ്. പിന്നീട് ഇങ്ങോട്ട് 2016-17-മുതലുള്ള ബജറ്റും എക്സ്പെൻഡിച്ചറും നോക്കാം. 46 കോടി രൂപ, 36 കോടി രൂപ, 130 കോടി രൂപ, 124 കോടി രൂപ എന്നിങ്ങനെ വർധിച്ചുവരികയാണ്. 2024-25-ൽ ബജറ്റിൽ അനുവദിച്ചത് 189 കോടി രൂപയാണ്. പക്ഷെ ചെലവാക്കിയത് 211 കോടി രൂപയാണ്. കാരണം, ബജറ്റിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ഓണറേറിയത്തിനായി നൽകി. ആശ വർക്കർമാരുടെ കാര്യത്തിൽ വളരെ മനുഷ്യത്വപരമായ സമീപനം വേണമെന്ന നിലപാടുള്ള സർക്കാരാണ് ഇവിടെയുള്ളത്. 2023-ൽ ഇതുസംബന്ധിച്ച് മറ്റ് ഹെൽത്ത് വർക്കേഴ്സിന്റെ സംഘടനകളെ ഉൾപ്പെടെ വിളിച്ച് ചർച്ച നടത്തി. ആശമാർക്ക് അമിതമായ ജോലി ഭാരമുണ്ടെന്ന് പറഞ്ഞതിന്റെ

അടിസ്ഥാനത്തിൽ അത് ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് ഗൈഡ്ലൈൻ പുറത്തിറക്കി. അതിന്റെയടിസ്ഥാനത്തിലാണ് ആശ വർക്കർമാർ മുന്നോട്ടുപോകുന്നത്. അതോടൊപ്പം അവർക്ക് അനുവദിക്കുന്ന പ്രസവാവധിയുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. 6-ാം തീയതി ആശാ വർക്കേഴ്സ് ഫെഡറേഷൻ സമരം നടത്തിയിരുന്നു. 7-ാം തീയതി അവരുമായി ചർച്ച നടത്തിയപ്പോൾ ശൈലി സർവേയുമായി ബന്ധപ്പെട്ട ഒ.ടി.പി. വരുന്ന രീതി പിൻവലിക്കണമെന്ന് പറഞ്ഞു. പിറ്റേദിവസംതന്നെ കേരളത്തിൽ ശൈലി സർവേയുമായി ബന്ധപ്പെട്ട ഒ.ടി.പി. വരുന്ന രീതി പിൻവലിക്കുകയും ചെയ്തു. കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഒരു പ്രോജക്റ്റ് കേന്ദ്ര സർക്കാരിൽനിന്ന് വന്നിരുന്നു. അത് ഇതോടൊപ്പം ഒരുമിച്ച് ചെയ്യുന്നതിനുപകരം ശൈലി സർവേയിലുൾപ്പെടുത്തി ചെയ്യണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇവിടെ മറ്റൊരു കാര്യംകൂടി പറഞ്ഞു. അത് വളരെ ആശയക്കുഴപ്പമുണ്ടാക്കുന്നതാണ്. അതായത്, ആശാ വർക്കർമാർക്ക് മറ്റ് തൊഴിലുകൾക്ക് പോകാൻ സാധിക്കില്ലെന്നുള്ളത്. 2021-ൽ ഈ സർക്കാർ ചുമതല ഏറ്റെടുത്ത ആദ്യ വർഷം നവംബർ മാസത്തിലെ പ്രൊസീഡിങ്സാണ്.

അതിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള കാര്യത്തിൽ സൂചന അഞ്ച് പ്രകാരം കോവിഡ് വ്യാപനത്തെ തുടർന്ന് ആശാ പ്രവർത്തകരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് വിട്ടുനിൽക്കേണ്ടതാണെന്നും എന്നാൽ സൂചന ആറ് പ്രകാരം ആശാപ്രവർത്തകർക്ക് പ്രസ്തുത പദ്ധതിയിൽ തുടരാവുന്നതാണെന്നും നിർദേശിച്ചിരുന്നു. . അതാണ് ഞാൻ നേരത്തെ പറഞ്ഞ കണക്ക്. 1230 പേർ ഇപ്പോൾ നിലവിൽ എം.എൻ.ആർ.ജി.എസ്.-ലുണ്ട്. ഇതിനുപുറമെ മറ്റ് തൊഴിലുകൾ ചെയ്യുന്നവരുമുണ്ട്. ഇതിൽ എനിക്ക് പറയാനുള്ള ഒരു കാര്യം, ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നയത്തിൽ മാറ്റം വരുത്തണമെന്നാണ് സി.ഐ.ടി.യു.-ഐ.എൻ.ടി.യു.സി ഉൾപ്പെടെയുള്ള സംഘടനകൾ ആവശ്യപ്പെടുന്നത്. കേന്ദ്ര സർക്കാർ സ്കീമുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര സർക്കാർ കൃത്യമായ നിലപാട് സ്വീകരിക്കണമെന്നതാണ്. ഒരു ദുഃഖകരമായ കാര്യം കൂടിയുണ്ട്. കേന്ദ്ര സർക്കാരിനുവേണ്ടിക്കൂടി കോൺഗ്രസിന്റെ ഭാഗത്തുനിന്ന് ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നൊരു സാഹചര്യമുണ്ട്. അദ്ദേഹം പറഞ്ഞത്, 98 കോടി രൂപ മാത്രമേ

നൽകാനുള്ളവെന്നാണ്. വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകാൻ അദ്ദേഹം എം.പി.-മാരോട് ആവശ്യപ്പെടണം. എം.പി.-മാരെ ഇവിടെനിന്ന് ജയിപ്പിച്ച് അയച്ചിരിക്കുന്നത് അതിനുവേണ്ടികൂടിയാണ്. അതുകൊണ്ട് തീർച്ചയായും ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വളരെ വ്യക്തമാണ്. അവരെ സാമൂഹ്യമായി ചേർത്തുപിടിച്ചുകൊണ്ട് യു.ഡി.എഫ്.-ന്റെ കാലത്തെ 1,800 രൂപയല്ല ഇന്ന് അത് 7,000 രൂപയാണ്. അത് ഇനിയും ഉയർത്തണമെന്നാണ് സർക്കാർ കണ്ടിട്ടുള്ളത്. ആ നിലയിൽ പറഞ്ഞ വാക്ക് പാലിച്ചുതന്നെ എൽ.ഡി.എഫ്. മുന്നോട്ടുപോകും. അതുകൊണ്ടുതന്നെ ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ലെന്നുള്ളത് ഒരിക്കൽക്കൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞ കണക്കുകളും കാലഘട്ടവും വളരെ വ്യത്യസ്തമാണ്. എസ്.യു.സി.ഐ.-യുടെ വക്താവായി സംസാരിക്കയാണോയെന്ന് ഇവിടെ എന്തിനാണ് ചോദിച്ചത്; ഈ സഭയിലിരിക്കുന്ന രാഷ്ട്രീയ കക്ഷികൾക്ക് മാത്രമേ സമരം നടത്താൻ സാധിക്കുകയുള്ളോ? ഈ നാട്ടിൽ എത്ര സംഘടനകളുണ്ട്. അവരെല്ലാം ഏതെല്ലാം തരത്തിൽ സമരം ചെയ്യുന്നുണ്ട്. ചില സമരങ്ങൾ ന്യായയുക്തമായ സമരമാണെന്ന് കരുതി നമ്മൾ ചില ഘട്ടങ്ങളിൽ അവർക്ക് പിന്തുണ നൽകുന്നുണ്ട്. ഒരു ശരിയായ ആവശ്യം ഒരു സംഘടന മുന്നിൽവച്ച് സമരം ചെയ്യുമ്പോൾ ഇതേ ആവശ്യം ഉന്നയിച്ച് സി.ഐ.ടി.യു.-വും ഐ.എൻ.ടി.യു.സി.-യും അടക്കമുള്ള സംഘടനകൾ സമരം ചെയ്തിട്ടില്ലേ; രാജ്യവ്യാപകമായി സമരം ചെയ്തിട്ടില്ലേ? ആശ വർക്കർമാർ ചോദിക്കുന്ന ആവശ്യം കൂടുതലാണെങ്കിൽ, 2014-ൽ ഇപ്പോൾ അവരെ ആക്ഷേപിക്കുന്ന സി.ഐ.ടി.യു. നേതാവ് ശ്രീ. എളമരം കരീം ഇവിടെ എം.എൽ.എ.

ആയിരിക്കുമ്പോൾ, അദ്ദേഹം ഈ സഭയിൽ ഒരു സബ്മിഷൻ കൊണ്ടുവന്നു, ആശാവർക്കർമാരുടെ സ്ഥിതി വളരെ മോശമാണ് അതുകൊണ്ട് അവരുടെ പ്രതിമാസ ഓണറേറിയം 10,000 രൂപയായി വർധിപ്പിക്കണമെന്ന് 2014-ൽ ആവശ്യപ്പെട്ടിരിക്കുകയാണ്. അന്ന് ആശാവർക്കേഴ്സിന് ഇത്രയും ജോലിയില്ലായിരുന്നു, ഇതിന്റെ പകുതി ജോലി മാത്രമേയുണ്ടായിരുന്നുള്ളൂ. .........(ബഹളം).......

മി. സ്പീക്കർ: പ്ലീസ് .... പ്ലീസ് ...... അങ്ങ് സംസാരിച്ചോളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സംസാരിച്ച് തീർത്തിട്ടേ പോകൂ..........(ബഹളം).......

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ.......പ്ലീസ്.....പ്ലീസ്......

ശ്രീ. വി. ഡി. സതീശൻ: സർ, 2007 മുതൽ 2011 വരെയുള്ള കാലയളവിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞതുപോലെയല്ല, സംസ്ഥാന സർക്കാർ യാതൊരു ഓണറേറിയവും നൽകിയിരുന്നില്ല. ആ സർക്കാരിന്റെ കാലത്ത് 2011-12-ലെ അവസാന ബജറ്റിൽ 300 രൂപ ഓണറേറിയമായി നൽകുമെന്ന് പ്രഖ്യാപിക്കുക മാത്രമാണ് ചെയ്തത്. അത് നൽകിയത്

എപ്പോഴാണ്? ആ തുക മുഴുവൻ നൽകിയത് യു.ഡി.എഫ്. സർക്കാരാണ്. 2007 മുതൽ 2011 വരെയുള്ള കാലയളവിൽ ഒരു രൂപ അവർക്ക് നൽകിയിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റാണ് ആദ്യമായി ഓണറേറിയം നൽകി തുടങ്ങിയത്. .....(ബഹളം)..... ബഹളം വയ്ക്കല്ലേ, പറയുന്നത് കേൾക്കു കണക്കാണ് പറയുന്നത്. ഞാൻ ഒരു കാര്യം അങ്ങയോട് പറയുകയാണ്. ഞാൻ സംസാരിക്കുമ്പോൾ, വാക്കൗട്ട് സ്പീച്ച് നടത്തുമ്പോൾ എത്ര തടസ്സപ്പെടുത്തിയാലും ഞാൻ പറയാനുള്ളത് പറഞ്ഞിട്ടേ പോകൂ.

മി. സ്പീക്കർ: അങ്ങ് സംസാരിച്ചിട്ട് പോകുന്നതിൽ പ്രശ്നമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇങ്ങനെ ബഹളമുണ്ടാക്കിയാൽ എനിക്ക് സംസാരിക്കാൻ സാധിക്കുമോ; അങ്ങേയ്ക്ക് സംസാരിക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: അവർ ബഹളം ഉണ്ടാക്കുന്നുണ്ട്. പ്ലീസ്....പ്ലീസ്.....ശാന്തരാകൂ.... അങ്ങ് അങ്ങോട്ട് നോക്കി സംസാരിക്കുന്നതുകൊണ്ടാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് അങ്ങോട്ട് നോക്കാൻ പാടില്ലെന്ന് എവിടെയാണ് എഴുതി വച്ചിരിക്കുന്നത്.

മി. സ്പീക്കർ: സാധാരണഗതിയിൽ ചെയറിനെ നോക്കിയാണ് സംസാരിക്കേണ്ടത്. അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കു, കമന്റ്സ് എല്ലാകാലത്തും ഉണ്ടാകാറുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് ഇല്ലാത്ത റൂളൊന്നും ഉണ്ടാക്കേണ്ട, റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ അങ്ങനെയൊന്നുമില്ല. രണ്ടാമത്തെ കാര്യം, മന്ത്രി പറഞ്ഞ കണക്കാണ്, പാർലമെന്റ് അംഗങ്ങൾ വല്ല പണിയും ചെയ്യുന്നുണ്ടോയെന്നാണ് വകുപ്പുമന്ത്രി ചോദിച്ചത്. ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ലോകസഭയിൽ ചോദിച്ച ചോദ്യത്തിനാണ് ഉത്തരം കൊടുത്തത്. അതാണ് ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ ഇവിടെ പറഞ്ഞത്. സംസ്ഥാനത്തിനുവേണ്ടിയാണ് ചോദിച്ചത്. സ്റ്റേറ്റിന്റെ ഇന്ററസ്റ്റാണ് ആ ചോദ്യങ്ങൾ മുഴുവൻ. ഇതിന് സെപ്പറേറ്റായി ഇയർ മാർക്ക് ചെയ്ത തുകയല്ല അനുവദിക്കുന്നത്. എൻ.എച്ച്.എം.-ന്റെ ഫണ്ടിലാണ് നൽകുന്നത്. മന്ത്രി വളരെ ബുദ്ധിപൂർവം 60:40 എന്ന് പറഞ്ഞു, വളരെ കറക്ടാണ്. 60:40 എൻ.എച്ച്.എം.-ന്റെ ഫണ്ടാണ് കൊടുക്കുന്നത്. എൻ.എച്ച്.എം. നൽകാനുള്ള ഫണ്ട് 913 കോടി രൂപ നൽകേണ്ട സ്ഥലത്ത് 815 കോടി രൂപ ഈ ജനുവരി 25 ആയപ്പോൾ

കൊടുത്തുകഴിഞ്ഞു. ഈ സാമ്പത്തികവർഷത്തെ നൽകി കഴിഞ്ഞു. ഇനിയുമുണ്ട് ഒന്നരരണ്ട് മാസം കൂടിയുണ്ട്. ബാക്കി 100 കോടി രൂപ നൽകാനുള്ളതല്ലേയുള്ളൂ. ആ 97 കോടി രൂപ എന്നുപറയുന്നത് മുഴുവൻ എൻ.എച്ച്.എം.-ന്റെ തുകയാണ്. അല്ലാതെ ഇൻസെന്റീവ് അല്ല. ആകെ എൻ.എച്ച്.എം.-ന് നൽകാനുള്ള തുക ആശാവർക്കർമാർക്ക് നൽകണോ? ആകെ എൻ.എച്ച്.എം.-നുള്ള തുകയിൽ 97 കോടി രൂപയാണ് നൽകാനുള്ളത്. കഴിഞ്ഞ ഒൻപത് വർഷക്കാലം എൻ.എച്ച്.എം.-ന്റെ ഈ ഷെയർ, 40 ശതമാനം നിങ്ങൾ കൊടുത്തിരിക്കുന്ന ഷെയർ ടേബിൾ ചെയ്യാമോ? അതിന്റെ കണക്ക് ഞങ്ങളുടെ കൈയിലുണ്ട്. ഞങ്ങൾ ഇവിടെ ചോദിച്ചുവാങ്ങിയിട്ടുണ്ട്. പിന്നെ പറഞ്ഞത് ശ്രീ. ജി. കുമാർ നായിക് പാർലമെന്റിൽ ചോദിച്ച ചോദ്യത്തിന് പാർലമെന്റിൽനിന്നും ലഭിച്ച മറുപടിയാണ്, സിക്കിം സർക്കാർ 6,000 രൂപയിൽനിന്നും 10,000 രൂപയായി വർധിപ്പിച്ചിരിക്കുന്നുവെന്ന് പറഞ്ഞത്. അതിൽത്തന്നെ ആന്ധ്രാപ്രദേശ് 7,000 രൂപ ഓണറേറിയം നൽകുന്നുണ്ടെന്ന് പാർലമെന്റിൽ ലഭിച്ച മറുപടിയിൽ പറയുന്നുണ്ട്. കേന്ദ്ര സർക്കാരിനെതിരെയാണ് സമരം ചെയ്യേണ്ടതെങ്കിൽ സി.പി.ഐ.(എം.)-ന്റെ

പീപ്പിൾസ് ഡെമോക്രസി എന്ന പ്രസിദ്ധീകരണത്തിൽ, സി.ഐ.ടി.യു.-ന്റെ നേതൃത്വത്തിൽ ആശാവർക്കേഴ്സ് ഹരിയാനയിൽ നടത്തിയ സമരത്തെക്കുറിച്ച് ഒരു ആർട്ടിക്കിൾ എഴുതിയിട്ടുണ്ട്. ഹരിയാന സർക്കാർ ആശാവർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കുന്നതിനുവേണ്ടി നടത്തിയ ഒരു സമരമാണത്. കാരണം ഇതൊരു സ്റ്റേറ്റ് സബ്ജക്ടാണ്. സ്റ്റേറ്റ് സബ്ജക്ടിൽ സ്റ്റേറ്റാണ് തീരുമാനമെടുക്കേണ്ടത്. ആശാവർക്കേഴ്സ് അവരുടെ ന്യായമായ ആവശ്യങ്ങൾ പറഞ്ഞുകൊണ്ടാണ് സമരം ചെയ്യുന്നത്... ഇനി വളരെ പ്രധാനപ്പെട്ടൊരു കാര്യം സൂചിപ്പിക്കട്ടെ. കർണാടകയിലും ആശാവർക്കർമാർ സമരം നടത്തി. അവർ ഒരു മൈതാനത്താണ് സമരം നടത്തിയത്. കർണാടക മുഖ്യമന്ത്രി അവിടത്തെ ഉദ്യോഗസ്ഥരെയും ആശാവർക്കേഴ്സ് യൂണിയൻ നേതാക്കളേയും വിളിച്ചുചേർത്ത് ഓണറേറിയം 10,000 രൂപയാക്കി വർധിപ്പിക്കാൻ തീരുമാനിച്ചു. കൂടാതെ ഇവർ സമരം ചെയ്യുന്ന മൈതാനത്തേയ്ക്ക് ഹെൽത്ത് കമ്മീഷണറെ അയച്ച് ഇക്കാര്യം അനൗൺസ് ചെയ്യുകയും ചെയ്തു. അവരുടെ സന്തോഷം കാണേണ്ടതായിരുന്നു. അതാണ് ഒരു മുഖ്യമന്ത്രി ചെയ്യേണ്ടത് ......(ബഹളം)......

മി. സ്പീക്കർ: യെസ്. പ്ലീസ്.. പ്ലീസ്.. അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ. വാക്ക്ഔട്ട് സ്പീച്ച് കഴിയട്ടെ.. പ്ലീസ്..... പ്രതിപക്ഷാംഗങ്ങളുടെ ബഹളമാണ് കൂടുതൽ.. യെസ്..

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ വെസ്റ്റ് ബംഗാളിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അവിടെ ആശാവർക്കർമാർ വിരമിക്കുമ്പോഴുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. എത്രയോ വർഷങ്ങളായി വിദ്യാഭ്യാസരംഗവും ആരോഗ്യരംഗവും ഏറ്റവും നന്നായി കൊണ്ടുപോകുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിലെ ആശാവർക്കർമാർക്ക് കേരളത്തിലെ ആശാവർക്കർമാരുടെ അത്രയും ജോലിയുണ്ടോ; അത് നമ്മൾ അറിയേണ്ടതല്ലേ.. അത്രയും ജോലി ആരെങ്കിലും ചെയ്യുന്നുണ്ടോ. ഡോ. മൻമോഹൻ സിങ് സർക്കാരിന്റെ കാലത്ത് വോളന്റിയർ സർവീസായിട്ടാണ് ആശാവർക്കർമാരെ നിയോഗിച്ചത്. ഒരു ദിവസം ഒന്നോ രണ്ടോ മണിക്കൂർ ജോലി ചെയ്താൽ മതിയാകുമെന്നാണ് ആദ്യം പറഞ്ഞിരുന്നത്. ബാക്കിയുള്ള സമയം മറ്റെന്തെങ്കിലും ജോലിയിൽ ഏർപ്പെടാമെന്ന് പറഞ്ഞു. നിലവിൽ ആശാവർക്കർമാർക്ക് ഇതിനുപുറമെ മറ്റൊരു ജോലിക്ക് പോകാൻ കഴിയുന്ന

സാഹചര്യമാണോ; പന്ത്രണ്ട് മുതൽ പതിനാല് മണിക്കൂർ വരെയാണ് അവരുടെ ജോലി. കുട്ടികളുടെ ഇഞ്ചക്ഷൻ, കുഷ്ഠരോഗ നിവാരണത്തിന്റെ ഭാഗമായിട്ടുള്ള ഏർലി ഡിറ്റക്ഷൻ, ഗർഭിണികളായവരെ മൂന്ന് മാസത്തിനുള്ളിൽ കണ്ടെത്തി രജിസ്റ്റർ ചെയ്യിപ്പിക്കുക, വാർഡ് റിപ്പോർട്ട് തയ്യാറാക്കുക, വാർഡുതല അവലോകനങ്ങൾ നടത്തുക, സബ് സെന്റർ അവലോകന യോഗത്തിൽ പങ്കെടുക്കുക, പഞ്ചായത്ത് അവലോകന യോഗത്തിൽ പങ്കെടുക്കുക, ആരോഗ്യ സംബന്ധമായ ക്ലാസ്സുകൾ സംഘടിപ്പിക്കുക, ആക്ടിവിറ്റികൾ ചെയ്യുക, വൾനറബിളായ വ്യക്തികളുള്ള പത്ത് വീടുകളിൽ സന്ദർശനം നടത്തുക, മാസത്തിൽ നാല് ദിവസം ഡ്യൂട്ടി തുടങ്ങി ഒട്ടേറെ കാര്യങ്ങളുണ്ട്. ഈ പാവം ആളുകൾ വീട്ടിലെത്തിയാലോ ഈ കണക്കുകളും കുത്തിക്കുറിക്കലുമായി ഉറക്കമില്ലാതെ പാതിരാത്രി വരെ ഇരിക്കണം. ഇതൊന്നും നമ്മൾ കാണാതെ പോകരുത്. കേരളത്തിൽ എത്രമാത്രം സമരങ്ങൾ നിങ്ങളും ഞങ്ങളും ചെയ്തിരിക്കുന്നു. ഏതെല്ലാം രീതിയിലുള്ള ആവശ്യങ്ങൾക്കുവേണ്ടിയാണ് സമരം ചെയ്തിരിക്കുന്നത്. ട്രാൻസ്പോർട്ട് ബസ് കത്തിച്ച് അതിനകത്തിരുന്ന നാല് പേർ വെന്തുമരിച്ച സമരം കേരളത്തിലുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ എത്രയെത്ര

സമരങ്ങളാണ് കേരളത്തിൽ നടന്നിട്ടുള്ളത്. എന്നിട്ട്, അവരെ പാട്ടപ്പിരിവുകാർ, സാംക്രമിക രോഗങ്ങൾ പരത്തുന്ന കീടങ്ങൾ എന്നൊക്കെയാണ് പറയുന്നത്. ഇന്നലെ ഒരു സി.ഐ.ടി.യു. നേതാവ് കേന്ദ്രമന്ത്രി ശ്രീ. സുരേഷ് ഗോപി സമരസ്ഥലത്തേയ്ക്ക് പോയപ്പോൾ അവർക്ക് കുട കൊടുത്തതിന്റെ കൂടെ ഉമ്മ കൊടുത്തോയെന്നാണ് ചോദിച്ചത്. നിങ്ങൾക്ക് യോജിച്ചതാണോ ഇതൊനക്കെ. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഇതിനൊക്കെ മറുപടി പറയേണ്ടതല്ലേ. അയാൾ ചെയ്തത് തെറ്റാണെന്ന് പറയേണ്ടതല്ലേ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ദയവായി പ്രസംഗം അവസാനിപ്പിക്കണം.. സമയമായി.

ശ്രീ. വി. ഡി. സതീശൻ: സർ, നോ...നോ... എനിക്ക് പറയാനുള്ളത് പറയണം.

മി.സ്പീക്കർ: പറയാനുള്ള കാര്യങ്ങൾ മുഴുവനും പറയാൻ കഴിയില്ല. സമയം കഴിഞ്ഞാൽ മൈക്ക് ഓഫ് ചെയ്യും. അത്രയേയുള്ളൂ.. (ബഹളം)...

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെ ബഹളമുണ്ടാക്കേണ്ട കാര്യമില്ല. ഞാൻ പറയാനുള്ളത് പറഞ്ഞിട്ടേ പോകുന്നുള്ളൂ.

<u>മി. സ്പീക്കർ</u>: ഇവിടെ സംസാരിക്കുന്നതിന് സമയപരിധിയുണ്ട്. ബാക്കിയുണ്ടെങ്കിൽ അത് സഭയ്ക്ക് പുറത്ത് പറയാവുന്നതാണ്..... (ബഹളം)...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പറഞ്ഞിട്ടേ പോകൂ. ആശാവർക്കർമാരുടെ ജോലിഭാരം മനസ്സിലാക്കി അവരുടെ വിഷയത്തിൽ ന്യായമായ തീരുമാനമെടുക്കണം. ഒരു ന്യായമായ ആവശ്യത്തിനുവേണ്ടി സമരം ചെയ്യുന്നത് തെറ്റാണോ? പന്ത്രണ്ട് മുതൽ പതിനാല് മണിക്കൂർ ജോലി ചെയ്യുന്ന സ്ത്രീകൾ തിരുവനന്തപുരത്ത് വന്ന് സമരം ചെയ്യുമ്പോൾ, എനിക്ക് സർക്കാരിനോട് അഭ്യർഥിക്കാനുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ വിളിച്ച് ചർച്ച ചെയ്യണമെന്നാണ്. കർണാടക മുഖ്യമന്ത്രി ചെയ്തതുപോലെ ബഹുമാന്യനായ മുഖ്യമന്ത്രി ആശാവർക്കേഴ്സ് പ്രതിനിധികളോട് ചർച്ച ചെയ്ത് തീരുമാനമെടുക്കണം. മാനിഫെസ്റ്റോയിൽ 21,000 രൂപ കൊടുക്കാമെന്ന് നിങ്ങൾ പറഞ്ഞിരുന്നതല്ലേ; ടി ആവശ്യം ഉന്നയിച്ചുകൊണ്ട് അവർ സമരം ചെയ്യുമ്പോൾ അത് എങ്ങനെയാണ് തെറ്റായി മാറുന്നത്. ഞങ്ങൾക്ക് ഏറ്റവും വലിയ പ്രതിഷേധം....

മി. സ്പീക്കർ: പ്ലീസ്.. സമയമായി... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയറിനെ നോക്കിയിട്ട് കാര്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, സമയപരിധി എവിടെയാണ് എഴുതിവച്ചിരിക്കുന്നത്? നോ.. നോ.. സമ്മതിക്കില്ല.

മി. സ്പീക്കർ: യെസ്.. സമ്മതിക്കില്ലെങ്കിൽ വേറെ വഴിയില്ല.. അടുത്ത ബിസിനസ്സിലേയ്ക്ക് പോകേണ്ടിവരും. അത്രയേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എന്റെ പ്രസംഗം തടസ്സപ്പെടുത്തരുത്. (ബഹളം)..

മി. സ്പീക്കർ: നോ.. നോ.. വാക്ക്ഔട്ട് സ്പീച്ചിന്റെ ക്രക്സ് വന്നിട്ടുണ്ട്. ടി വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചർച്ചചെയ്ത് പരിഹാരം കാണണമെന്ന് താങ്കൾ പറഞ്ഞു കഴിഞ്ഞു. അതോടെ വിഷയം അവസാനിച്ചു.

ശ്രീ. വി. ഡി. സതീശൻ: സർ, അത് അങ്ങല്ല തീരുമാനിക്കുന്നത്..

മി. സ്പീക്കർ: നോ.. നോ.. താങ്കൾക്ക് വാക്ക്ഔട്ട് ചെയ്തതിനുശേഷം സഭയിൽ ഇരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, നോ.. അങ്ങനെയല്ല..

മി. സ്പീക്കർ: അങ്ങനെയല്ലെങ്കിൽ അടുത്ത ബിസിനസ്സിലേയ്ക്ക് കടക്കും. യെസ്.... ഓർഡർ.. ഓർഡർ... ഇപ്പോൾ പതിനൊന്ന് മിനിട്ടായി. വാക്ക് ഔട്ട് പ്രസംഗത്തിന് സ്ഥിരമായി നൽകുന്ന സമയം മാത്രമേ അനുവദിക്കാൻ കഴിയൂ. അക്കാര്യം ആദ്യം തന്നെ ചെയർ കൃത്യമായി പറഞ്ഞിട്ടുണ്ടായിരുന്നു. ഇത്ര സമയമേ അനുവദിക്കാൻ കഴിയൂ.. യെസ്.. ഓർഡർ.. ഓർഡർ..

(പ്രതിപക്ഷ നേതാവിന്റെ പ്രസംഗം ഉപസംഹരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുസമീപം വന്ന് ബാനറും പ്ലക്കാർഡുകളുമായി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിയതിനാൽ ബഹു. സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിക്രമത്തിലേയ്ക്ക് കടന്നു.)